കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| മേയ് 4<br>May 4 | 2019 |
| --- | --- |

*1193 മേടം 20 ശനി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പച്ചത്തുരുത്ത് പദ്ധതിക്ക് ലോക പരിസ്ഥിതിദിനത്തിൽതുടക്കമാവും**

തരിശ് ഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിക്ക് സംസ്ഥാനത്ത് ജൂൺ അഞ്ചിന് തുടക്കമാവും. ആദ്യഘട്ടത്തിൽ എല്ലാ ജില്ലകളിലുമായി 1000 പച്ചത്തുരുത്തുകളുടെ നിർമാണം ആരംഭിക്കും. പൊതുസ്ഥലങ്ങളിലുൾപ്പെടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വനമാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് പച്ചത്തുരുത്ത് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഇതിനായി സ്ഥലങ്ങൾ കണ്ടെത്തുന്നത്. സർക്കാർ/സ്വകാര്യസ്ഥാപനങ്ങളുടെ ഭൂമി, പുറമ്പോക്കുകൾ, നഗരഹൃദയങ്ങളിലും മറ്റും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളെല്ലാം പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളാണ്. സ്വകാര്യ വ്യക്തികൾ ഉൾപ്പെടെ നിരവധി സംരംഭകർ ഇതിനകം തന്നെ പദ്ധതിയുമായി സഹകരിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലുമായി വിവിധ പഞ്ചായത്തുകൾ ഒരേക്കറും അതിലധികംവ ിസ്തൃതിയുമുള്ള സ്ഥലങ്ങൾ ഇതിനായി കണ്ടെത്തി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൈവവൈവിധ്യ ബോർഡ്, കൃഷിവകുപ്പ്, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, വനം വകുപ്പിന്റെ സാമൂഹ്യ വനവത്ക്കരണവിഭാഗം, പരിസ്ഥിതി സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പച്ചത്തുരുത്ത് സൃഷ്ടിക്കുന്നത്. പച്ചത്തുരുത്ത് പ്രവർത്തനങ്ങളെ സഹായിക്കാനായി പരിസ്ഥിതി പ്രവർത്തകർ, ജൈവവൈവിധ്യ മേഖലയിലെ വിദഗ്ദ്ധർ, വനവത്ക്കരണരംഗത്ത് പ്രവർത്തിച്ച പരിചയസ

ന്മന്നർ, കൃഷി വിദഗ്ദ്ധർ, ജനപ്രതിനിധികൾ, പ്രാദേശിക സാമൂഹിക പ്രവർത്തകർ എന്നിവ രുൾപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതികളുണ്ടാകും. വിത്തിനങ്ങൾ കണ്ടെത്തൽ, വൃക്ഷ ങ്ങളുടെ തിരിച്ചറിയൽ പ്രവർത്തനങ്ങൾ തുടങ്ങി പച്ചത്തുരുത്ത് നിർമിതിക്കാവശ്യമായ സാങ്കേ തിക സഹായങ്ങൾ ഈ സമിതികളാണ് നൽകുന്നത്.

ചുരുങ്ങിയത് അര സെന്റ് മുതൽ കൂടുതൽ വിസ്തൃതിയുള്ള ഭൂമിയിൽ പച്ചത്തുരു ത്തുകൾ സ്ഥാപിക്കാം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ സാന്നിധ്യം കൊണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കുന്ന തിനും പച്ചത്തുരുത്തുകൾക്ക് വലിയ പങ്ക് വഹിക്കാനാകും. അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി വർത്തിക്കുന്ന പച്ചത്തുരുത്തുകൾ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും ഉറപ്പാക്കും.

(പിഎൻപി 1069/19)

## അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റണം

ഇലന്തൂർ, മൈലപ്ര ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വൈദ്യുതി ലൈനിനും വീടു കൾക്കും അപകടകരമായി നിൽക്കുന്ന മരങ്ങൾ വേനൽ മഴയും കാറ്റും ശക്തമായ സാഹ ചര്യത്തിൽ ഉടൻ മുറിച്ചുമാറ്റണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചു.

(പിഎൻപി 1070/19)

## ദുരന്തനിവാരണം: ഹെലികോപ്റ്റർ ലാൻഡിംഗിന് എല്ലാ വില്ലേജിലും സ്ഥലം കണ്ടെത്തും

ദുരന്തനിവാരണ പദ്ധതി തയാറാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ വില്ലേജ് തലത്തിലും ഹെലികോപ്റ്റർ ലാൻഡിംഗിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ പി ബി നൂഹിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ തീരുമാനമായി. ഹെലികോപ്റ്റർ ലാൻഡിംഗിന് വില്ലേജ് ഓഫീസർമാർ മുഖേന സ്ഥലം കണ്ടെത്തുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തി. ഇതുപ്രകാരം തയാറാക്കുന്ന ലിസ്റ്റ് റവന്യു, ഫയർ ആൻഡ് റെസ്ക്യു, പോലീസ്, പൊതുമരാമത്ത് നിരത്ത് വിഭാഗം എന്നീ വകുപ്പുകൾക്ക് നൽകും. അംഗീകാരം ലഭിക്കുന്ന ലിസ്റ്റ് ജി പി എസ് ലൊക്കേഷൻ ഉൾപ്പടെ ജില്ലാ ദുരന്തനിവാരണ പദ്ധതിൽ ഉൾപ്പെടുത്തും.

നീണ്ടകര ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങളിൽ ബോട്ടുകൾ ലഭ്യമാക്കുന്നതിനുള്ള നമ്പറുകൾ ശേഖരിച്ച് ദുരന്തനിവാരണ പദ്ധതിൽ ഉൾപ്പെടുത്തും.

ദുരിതാശ്വാസ ക്യാമ്പുകളിലായി പ്രവർത്തിപ്പിക്കാവുന്ന സ്കൂളുകൾ, കെട്ടിടങ്ങൾ കണ്ടെത്തി അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി താലൂക്ക് തലത്തിൽ പട്ടിക തയാറാക്കി ജിപിഎസ് ലൊക്കേഷൻ സഹിതം ദുരന്തനിവാരണ വിഭാഗത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കും.

കഴിഞ്ഞ വർഷം ഓഗസ്റ്റിലെ പ്രളയത്തെത്തുടർന്ന് അനൗദ്യോഗിക ക്യാമ്പുകൾ പ്രവർത്തിച്ച കെട്ടിടങ്ങൾ വില്ലേജ് തലത്തിൽ കണ്ടെത്തി അവയെ പ്രത്യേകമായി ലിസ്റ്റ് ചെയ്യും. ഓരോ വില്ലേജിലും വെള്ളം കയറാത്ത കൂടുതൽ ആളുകളെ ഉൾക്കൊള്ളിക്കാവുന്ന കെട്ടിടങ്ങൾ കണ്ടെത്തി താമസിക്കാവുന്ന ആളുകളുടെ എണ്ണം ഉൾപ്പടെ ലിസ്റ്റ് തയാറാക്കും.

അപ്പർ കുട്ടനാട് പ്രദേശം, ആറന്മുള, കോഴഞ്ചേരി, റാന്നി, അടൂർ എന്നീ താലൂക്കുകളിലെ വില്ലേജ് ഓഫീസർമാർ, പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ സംയുക്തമായി പ്രദേശങ്ങളിലെ സുരക്ഷിത ക്യാമ്പുകൾ കണ്ടെത്തി റൂട്ട് മാപ്പ് തയാറാക്കും. ദുരന്തനിവാരണ പദ്ധതി പുതുക്കുന്നതിന് ആവശ്യമായ വിവര ശേഖരണം നടത്തുകയും മെയ് 13ന് വകുപ്പ് തലത്തിൽ ഉദ്യോഗസ്ഥരുടെ വർക്ക ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്യും.

ജില്ലയിൽ മുങ്ങി മരണങ്ങൾ വർധിച്ച സാഹചര്യത്തിൽ മുങ്ങി മരണം, തീപിടുത്തം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നീ വിഷയങ്ങളിൽ മോക്ക്ഡ്രിൽ നടത്തുന്നത് യോഗം വിലയിരുത്തി.

ജില്ലയിലെ എല്ലാ വകുപ്പുകളും ദുരന്തനിവാരണ പദ്ധതി തയാറാക്കി നോഡൽ ഓഫീസറെ നിയമിച്ചും ഓരോ വകുപ്പിന്റെയും ദുരന്തനിവാരണ പദ്ധതിയുടെ ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും ജില്ലാ ദുരന്തനിവാരണ വിഭാഗത്തിൽ നൽകും. അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ ഉൾപ്പെടുത്തി പുതുക്കും. ജില്ലയിലെ എല്ലാ വകുപ്പുകളും തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട ഐഡിആർഎൻ ഡാറ്റ ഇൻവെന്ററി തയാറാക്കി മെയ് ആറിനുള്ളിൽ സമർപ്പിക്കണമെന്നും കളക്ടർ നിർദേശിച്ചു.

(പിഎൻപി 1071/19)

## ശിശുപരിപാലന കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കും

ഓമല്ലൂർ ഐമാലിയിലെ ശിശു പരിചരണ കേന്ദ്രത്തിലെ കുട്ടികൾക്ക് ഡോക്ടറുടെ സേവനം മാസത്തിൽ ഒരിക്കൽ ലഭ്യമാക്കുന്നതിന് എഡിഎം ക്ലമന്റ് ലോപ്പസിന്റെ അധ്യക്ഷത യിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ ശിശുക്ഷേമ സമിതി എക്സിക്യൂട്ടീവ് യോഗത്തിൽ തീരുമാനമായി. കുട്ടികളുടെ അന്തരാഷ്ട്ര ചലച്ചിത്രമേള ഈ മാസം 13, 14, 15 തീയതികളിൽ തിരുവനന്തപുരത്തു നടത്തും. ആദിവാസി വിഭാഗത്തിൽ പെട്ട 25 കുട്ടികൾക്കും, മറ്റു വിഭാഗത്തിൽപെട്ട 10 പേർക്കും ചലച്ചിത്ര മേളയിൽ പങ്കെടുക്കാം. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ആദിവാസി വിഭാഗക്കാർക്ക് രജിസ്ട്രേഷൻ സൗജന്യമാണ്.

യോഗത്തിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ ടി.കെ.ജി നായർ, ജോയിന്റ് സെക്രട്ടറി എം.എസ് ജോൺ, ഡിഎംഒ മറിയാമ്മ നൈനാൻ, ജില്ലാ ശിശുക്ഷേമസമിതി അംഗങ്ങളായ ആർ.ഭാസ്കരൻ നായർ, പി.കെ അനിൽകുമാർ, ഡി ഡി ഇ പി എ ശാന്തമ്മ, എഡിസി ഓഫീസ് സൂപ്രണ്ട് രാജേന്ദ്രൻപിള്ള തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1072/19)

## ക്വട്ടേഷൻ

ചിറ്റാർ, കടുമീൻചിറ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് യൂണിഫോം തുന്നിനൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഈ മാസം 13ന് വൈകിട്ട് മൂന്നിനകം റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ലഭിക്കണം. ഫോൺ: 04735 227703.

(പിഎൻപി 1073/19)

## നവോദയ സ്കൂളിന് തിളക്കമാർന്ന വിജയം

ഇക്കഴിഞ്ഞ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ വെച്ചൂച്ചിറ നവോദയ വിദ്യാലയത്തിന് തിള ക്കമാർന്ന വിജയം. സയൻസ് വിഷയങ്ങളിൽ 42 വിദ്യാർഥികളിൽ 35 പേർ ഡിസ്റ്റിംഗ്ഷൻ കര സ്ഥമാക്കി. ആരോമൽ എസ് നായർ 96.4 ശതമാനം മാർക്ക് നേടി ഒന്നാം സ്ഥാനത്തെത്തി. കൊമേഴ്സ് വിഷയങ്ങളിൽ 40 വിദ്യാർഥികളിൽ 30 പേർ ഡിസ്റ്റിംഗ്ഷൻ നേടി. ദേവിക സുരേഷ് 95.8 ശതമാനം മാർക്ക് നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

(പിഎൻപി 1074/19)

## ക്വട്ടേഷൻ

പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ലേസർ പ്രിന്ററുകളുടെ ടോണർ റീഫിൽ ചെയ്യുന്നതിനും ടോണർ മാറ്റുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചു. ഈ മാസം ഒമ്പതിന് വൈകിട്ട് മൂന്ന് വരെ ക്വട്ടേഷൻ സ്വീകരിക്കും. (പിഎൻപി 1075/19)

## കിക്മയിൽ എംബിഎ സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ എംബിഎ (ഫുൾടൈം) 2019-21 ബാച്ചിലേക്ക് മെയ് ഏഴിന് ആറന്മുള കോ-ഓപ്പറേറ്റീവ്

ട്രെയിനിംഗ് കോളജിൽ സ്പോട്ട് അഡ്മിഷൻ നടത്തും. അവസാന വർഷ ബിരുദവിദ്യാർഥി കൾക്കും പങ്കെടുക്കാം. ഫോൺ: 9995505848, 9995302006. (പിഎൻപി 1076/19)

## ബി.എസ്.സി ഫുഡ് ടേക്നോളജി

കോന്നി സിഎഫ്ആർഡിയുടെ കീഴിലുള്ള കോളജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി നടത്തുന്ന ബി.എസ്.സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷ സ്വീ കരിക്കുന്ന അവസാന തീയതി ജൂൺ എട്ട്. കൂടുതൽ വിവരം www.supplycokerala.com എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പിഎൻപി 1077/19)

## വാസ്തുവിദ്യാ ഗുരുകുലത്തിൽ വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കാം

സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിൽ വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ, ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കറസ്പോ ണ്ടൻസ് കോഴ്സ്, മ്യൂറൽ പെയിന്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയാണ് കോഴ്സു കൾ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. കൂടുതൽ വിവരം www.vastuvidyagurukulam.com എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0468 2319740. (പിഎൻപി 1078/19)

## അശ്വമേധം : വിദഗ്ദ്ധ പരിശോധനാ ക്യാമ്പുകൾ നാളെ മുതൽ

കുഷ്ഠരോഗ നിർണയ ഗൃഹസമ്പർക്ക പരിപാടിയുടെ ഭാഗമായി ത്വക് രോഗ വിദ ഗ്ദ്ധർ പങ്കെടുക്കുന്ന രോഗപരിശോധനാ ക്യാമ്പുകൾ ജില്ലയിൽ നാളെ ആരംഭിക്കും.

നാളെ (6) പന്തളം കുടുംബാരോഗ്യകേന്ദ്രം, പുല്ലാട് ഗവൺമെന്റ് യുപിഎസ്, ഏഴിന് മല്ലപ്പള്ളി താലൂക്കാശുപത്രി, എട്ടിന് പറക്കോട് എൻഎംയുപിഎസ്, ഒമ്പതിന് ഇലന്തൂർ സാമൂ ഹിക ആരോഗ്യ കേന്ദ്രം, കോന്നി താലൂക്കാശുപത്രി, 10ന് റാന്നി, തിരുവല്ല താലൂക്കാശുപത്രി കൾ എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ.

അശ്വമേധം പരിപാടിയോടനുബന്ധിച്ച് സന്നദ്ധ പ്രവർത്തകർ ഇതുവരെ 147892 വീടുകളിൽ നിന്നായി 467226 പേരെ പരിശോധിക്കുകയും 2292 പേരെ ത്വക് രോഗ ലക്ഷ ണങ്ങൾ കണ്ടെത്തി ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കുഷ്ഠരോഗ ലക്ഷണങ്ങൾ

തൊലിപ്പുറത്ത് കാണപ്പെടുന്ന പാടുകൾ – ഇവ നിറം മങ്ങിയതോ ചുവന്നതോ ആയ സ്പർശന ശേഷി കുറഞ്ഞ പാടുകളാകാം. കൈകാലുകളിലെ ബാഹ്യഞരമ്പുകളിൽ വേദ നയും തടിപ്പും. കൈകാലുകളിൽ മരവിപ്പ്, ബലക്ഷയം. വേദനയില്ലാത്തതും ഉണങ്ങാത്തതു മായ വ്രണങ്ങൾ, ചെവിക്കുള്ളിൽ കാണപ്പെടുന്ന ചെറിയ മുഴകൾ, കുരുക്കൾ തുടങ്ങിയവ. രോഗം മൂർച്ഛിച്ചുകഴിഞ്ഞാൽ കണ്ണുകൾ അടയ്ക്കുന്നതിന് പ്രയാസം.

രോഗത്തിന് ഫലപ്രദവും പൂർണവുമായ ചികിത്സ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങ ളിലും ലഭിക്കും. ഏതെങ്കിലും തരത്തിലുള്ള ത്വക് രോഗ ലക്ഷണങ്ങൾ ഉള്ളവർ സന്നദ്ധ പ്രവർത്തകരെയോ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരെയോ സമീപിക്ക ണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. ഈ മാസം 12 വരെ യാണ് അശ്വമേധം ക്യാമ്പയിൻ ജില്ലയിൽ നടക്കുന്നത്. (പിഎൻപി 1079/19)

## ടിപ്പർ ലോറി കസ്റ്റഡിയിലെടുത്തു

ആവശ്യമായ രേഖകളില്ലാതെ കരിങ്കൽ കയറ്റിക്കൊണ്ടുപോയ ടിപ്പർ ലോറി കസ്റ്റഡി യിലെടുത്തു. വി.കോട്ടയം വില്ലേജ് ഓഫീസർ ആർ.അരുണിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് ആവശ്യമായ പാസോ മറ്റ് രേഖകളോ ഇല്ലാതെ കരിങ്കൽ കടത്തിയ വാഹനം വകയാർ ജംഗ്ഷനിൽ നിന്നും കസ്റ്റഡിയിൽ എടുത്തത്. കസ്റ്റഡിയിൽ എടുത്ത വാഹനം കോന്നി പോലീസിന് കൈമാറി. (പിഎൻപി 1080/19)






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മേയ് 4<br>May 4 | 2019 |
|---|---|

*1193 മേടം 20 ശനി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മേപ്രാൽ സെന്റ് ജോൺസ് പള്ളി തർക്കം:**
**കളക്ടർ നടത്തിയ ചർച്ചയിൽ സമവായം**

മേപ്രാൽ സെന്റ് ജോൺസ് പള്ളിയിൽ സമരങ്ങളില്ലാതെ മുമ്പോട്ട് പോകുവാൻ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ ധാരണയായി. ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. സുപ്രീം കോടതി വിധിയനുസരിച്ച് ഇരുകൂട്ടരും പ്രവർത്തിക്കുമെന്നും ഇനി സംഘർഷാവസ്ഥ ഉണ്ടാവില്ലെന്നും ഇരുവിഭാഗവും ഉറപ്പു നൽകി. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടായാൽ ജില്ലാ ഭരണകൂടം കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു.

പള്ളിയിൽ ആരാധന നടത്തുന്നത് സംബന്ധിച്ച കാര്യത്തിൽ കോടതിവിധി അനുസരിച്ച് പ്രവർത്തിക്കാനും തീരുമാനമായി. യാക്കോബായ വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള 25 സെന്റ് സ്ഥലത്ത് പുതുതായി പള്ളി പണിയുന്നതിന് നിയമാനുസൃതം ലഭിക്കുന്ന അപേക്ഷയിൽ വേഗം തീരുമാനമെടുക്കുമെന്ന് ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും ഉറപ്പ് നൽകി. പുതിയ പള്ളിയുടെ പണി പൂർത്തീകരിക്കുന്നതുവരെയോ ആരാധനയ്ക്ക് ഒരു സംവിധാനം ഉണ്ടാകുന്നതുവരെയോ യാക്കോബായ വിഭാഗം നിലവിൽ പ്രാർഥിക്കുന്ന താത്ക്കാലിക ഷെഡിൽ ആരാധന നടത്തുന്നതിന് അനുമതി നൽകി.

പള്ളിയോടു ചേർന്നുള്ള അരമന എന്ന് വിളിക്കുന്ന കെട്ടിടത്തിന്റെ അവകാശം സംബന്ധിച്ച കേസ് വിധിയാകുന്നതുവരെ ഇരുവിഭാഗത്തിനും ഈ കെട്ടിടത്തിന്റെ അവകാശം നൽകേണ്ട എന്നും ഇരുവിഭാഗത്തിന്റെയും ഉടമസ്ഥതയിലുള്ള ജംഗമ വസ്തുക്കൾ ഉഭയ

കക്ഷി സമ്മതപ്രകാരം വീതം വച്ച് നൽകുന്നതിനും ഉടമസ്ഥാവകാശത്തിൽ തർക്കമുണ്ടാകുന്ന വസ്തുക്കൾ ഈ മുറിയിൽ തന്നെ സൂക്ഷിച്ച് കെട്ടിടം സീൽ ചെയ്യുന്നതിനും യോഗം തീരുമാനിച്ചു. തിരുവല്ല സബ്കളക്ടറുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പ്രക്രിയയിൽ ഓർത്തഡോക്സ് വിഭാഗത്തെ പ്രതിനിധീകരിച്ച് വികാരി, ട്രസ്റ്റി, സെക്രട്ടറി എന്നിവർ പങ്കെടുക്കും. യാക്കോബായ വിഭാഗത്തെ പ്രതിനിധീകരിച്ച് ട്രസ്റ്റി, സെക്രട്ടറി എന്നിവർ പങ്കെടുക്കും. ലിസ്റ്റ് ഉണ്ടാക്കി സാധനങ്ങൾ കൈമാറുന്നതിന് തിരുവല്ല സബ്കളക്ടറെ ചുമതലപ്പെടുത്തി.

യാക്കോബായ വിഭാഗത്തിലെ വ്യക്തികളുടെ സംസ്കാര ചടങ്ങുകളിൽ വിശ്വാസികളായ 35 പേർക്ക് പങ്കെടുക്കാമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. പള്ളി നിൽക്കുന്ന ഭൂമിയുടെ റീസർവെയിൽ അപാകതയുണ്ടോ എന്ന വിഷയം സമയബന്ധിതമായി പരിഹരിക്കുന്നതാണെന്നും തുടർനടപടിക്കായി ഭൂരേഖാ തഹസീൽദാരുമായി ബന്ധപ്പെടണമെന്നും കളക്ടർ നിർദേശിച്ചു.

ജില്ലാ പോലീസ് മേധാവി ജി.ജയദേവ്, തിരുവല്ല സബ് കളക്ടർ ഡോ: വിനയ് ഗോയൽ, സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി ആർ.ജോസ്, തിരുവല്ല ഡിവൈഎസ്പി ജെ.ഉമേഷ് കുമാർ, നിരണം ഭദ്രാസന മെത്രാപോലീത്ത ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച് വികാരി ഫാ.എബി സി മാത്യു, പള്ളി ട്രസ്റ്റി തോമസ് മാത്യു, ഫാ.റെജി മാത്യു, തോമസ് മാത്യു, മാത്യു പി.ചെറിയാൻ, പി.ജെ.കുര്യാക്കോസ്, ഇൻസ്പെക്ടർ പോലീസ് പി.ആർ.സന്തോഷ്, പെരിങ്ങര വില്ലേജ് ഓഫീസർ വി.ആർ.ശ്രീലത, തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1081/19)

**മഴക്കാലം: പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് നിർദേശം**

ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി മഴക്കാലപൂർവ പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുള്ള നടപടികൾ ജില്ലയിൽ ആരംഭിച്ചു. ഗവൺമെന്റ് സെക്രട്ടറി പി വേണുഗോപാലിന്റെ സാന്നിധ്യത്തിൽ കളക്ടറേറ്റിൽ ചേർന്ന യോഗം സ്ഥിതിഗതികൾ വിലയിരുത്തി. ഇതിന്റെ ഭാഗമായി ഈ മാസം ആറ്, ഏഴ്, എട്ട് തീയതികളിലായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ്തല ശുചിത്വ സമിതികൾ ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാനും യോഗത്തിൽ തീരുമാനമായി.

കളക്ടറേറ്റ്, ജനറൽ ആശുപത്രി, മറ്റു പൊതു സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വൃത്തിയാക്കാൻ നിർദേശം നൽകി. നീക്കം ചെയ്യുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിന് ശുചിത്വ മിഷന് നിർദേശം നൽകി. എല്ലാ വാർഡ് തലത്തിലും ആരോഗ്യ സേനകളുടെ ലഭ്യത ഉറപ്പു വരുത്തണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ പി ബി നൂഹ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ എൽ ഷീജക്ക് നിർദേശം നൽകി. ഓരോ പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യ കേന്ദ്രം മുഖേന ശുചിത്വ മാപ്പിംഗ് നടത്തിവരുന്നതായി ഡിഎംഒ(ആരോഗ്യം) പറഞ്ഞു. മഴക്കാലപൂർവ പ്രവർത്തന കർമ പരിപാടികൾ നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ, എൻ എച്ച് എം, പഞ്ചായത്ത് എന്നിവ മുഖേന 25000 രൂപ ഓരോ വർഡിലേക്കും അനുവദിച്ചു.

രോഗനിരീക്ഷണം, കൊതുക് നശീകരണം എന്നിവ കാര്യക്ഷമമാക്കുന്നതു വഴി പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാൻ തീരുമാനമായി. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും, മറ്റ് ഉദ്യോഗസ്ഥരുടെയും, മരുന്നിന്റെയും രോഗനിയന്ത്രണത്തിനുള്ള സാധനസാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തണമെന്ന് ജില്ലാ കളക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദേശം നൽകി. എല്ലാ സർക്കാർ ഓഫീസുകളിലും ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആയി ആചരിക്കും. മഴക്കാലത്തിനു മുന്നോടിയായി എല്ലാ കുടിവെള്ള സ്രോതസുകളും വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കും. കുടിവെള്ള

സ്രോതസുകൾ ശുചിയാക്കുന്നതിനായി ക്ലോറിനേഷൻ നടത്തുമെന്നും, മഴക്കാല രോഗപ്രതിരോധ നടപടികൾക്ക് ജില്ലയിൽ തുടക്കം കുറിച്ചതായും ഡിഎംഒ പറഞ്ഞു. ഈ മാസം 12 വരെ ജില്ലയിൽ കുഷ്ഠരോഗ നിർമാർജന തീവ്രയജ്ഞം നടക്കും. പൊതു സ്ഥലങ്ങളിലും വീടുകളിലും കൊതുകു നിവാരണ പ്രവർത്തനങ്ങളും നടന്നു വരുകയാണ്. ആഴ്ചയിൽ ഒരു തവണ വകുപ്പ്തല അവലോകനയോഗങ്ങൾ നടത്താനും യോഗത്തിൽ തീരുമാനമായി.

സബ് കളക്ടർ ഡോ വിനയ് ഗോയൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ്.സൈമ, ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കെ രശ്മി മോൾ, ഡെപ്യൂട്ടി ഡിഎംഒ ഡോ.സി എസ് നന്ദിനി, വിവിധ വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1082

## ഫോട്ടോ അടിക്കുറിപ്പ്

1) മേപ്രാൽ സെന്റ് ജോൺസ് പള്ളി തർക്കവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ പി.ബി നൂഹ് ഓർത്തഡോക്സ്, യാക്കോബായ സഭാ പ്രതിനിധികളുമായി കളക്ടറേറ്റിൽ ചർച്ച നടത്തുന്നു. ജില്ലാ പോലീസ് മേധാവി ജി.ജയദേവ്, തിരുവല്ല സബ്കളക്ടർ ഡോ. വിനയ് ഗോയൽ എന്നിവർ സമീപം.
2) മഴക്കാലപൂർവ പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ നടന്ന യോഗത്തിൽ ഗവൺമെന്റ് സെക്രട്ടറി പി വേണുഗോപാൽ സംസാരിക്കുന്നു. ജില്ലാ കളക്ടർ പി.ബി.നൂഹ്, തിരുവല്ല സബ് കളക്ടർ ഡോ.വിനയ് ഗോയൽ എന്നിവർ സമീപം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**